LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ നഗരത്തിലെ ഗതാഗതക്കുരുക്ക്

170 (7733) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആലപ്പുഴ നഗരത്തിലെ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കാൻ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

ഉണ്ട്. ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ ട്രാഫിക്ക് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. റോഡിന്റെ വശങ്ങളിലെ അനധികൃത പാർക്കിങ്ങിനെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

എയർപോർട്ട് സുരക്ഷാ ഡ്യൂട്ടിക്ക് സബ് ഇൻസ്പെക്ടർമാരുടെ ഒഴിവ്

171 (7734) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയർപോർട്ടുകളിൽ സുരക്ഷാ ചുമതലയ്ക്ക്, പോലീസിൽ നേരിട്ട് നിയമനം ലഭിച്ച ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ നിന്നും സബ് ഇൻസ്പെക്ടർമാരെ നിയമിക്കണമെന്ന നിർദ്ദേശം നിലവിലുണ്ടോ ; വിശദമാക്കാമോ ;

(ബി) എയർപോർട്ട് സുരക്ഷാഡ്യൂട്ടിക്ക് സബ്ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഇത്തരമൊരു നിർദ്ദേശം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 300 സബ്-ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ കേരളത്തിലെ വിവിധ എയർപോർട്ടുകളിൽ നിലവിലുണ്ടെന്ന് എമിഗ്രേഷൻ വിഭാഗം അറിയിച്ചിട്ടുണ്ട്. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ബ്യൂറോ ഓഫ് എമിഗ്രേഷനാണ്.

എസ്.ഐ.-മാരുടെ ട്രെയിനിംഗിന് ഏകീകൃത സിലബസ്

172 (7735) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡി.എ.ആർ.-ഉം ജി.ഇ.ബി.-യും കൂട്ടിച്ചേർത്ത് കേരള സിവിൽ പോലീസ് കേഡർ നിലവിൽ വന്നത് എപ്പോഴാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഒരേ സിലബസിൽ പരീക്ഷയും, ശാരീരികക്ഷമതാ ടെസ്റ്റും കഴിയുന്ന മേൽപ്പറഞ്ഞ രണ്ടു വിഭാഗങ്ങളിലെ എസ്.ഐ. മാർക്ക് രണ്ടു സിലബസ്സ് പ്രകാരമുള്ള ട്രെയിനിംഗ് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിൽ ഒരു വിഭാഗത്തിനു നൽകുന്നത് കാലഹരണപ്പെട്ട സിലബസ്സാണെന്നത് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) എസ്.ഐ.-മാരുടെ ട്രെയിനിംഗ് ഏകീകൃത സിലബസ്സിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10-12-2010-ലെ ജി.ഒ (പി) നമ്പർ 268/10/ആഭ്യന്തരം ഉത്തരവ് പ്രകാരമാണ് കേരള സിവിൽ പോലീസ് കേഡർ നിലവിൽ വന്നത്.

(ബി & സി) ഉണ്ട്. രണ്ട് വിഭാഗങ്ങൾക്കും പി.എസ്.സി രണ്ട് രീതിയിലുള്ള പരീക്ഷകൾ നടത്തുകയും രണ്ട് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുമാണ് ചെയ്യുന്നത്. നിലവിലുള്ള ട്രെയിനിംഗ് പദ്ധതികൾ പ്രകാരം രണ്ട് വിഭാഗങ്ങൾക്കും രണ്ട് രീതിയിലുള്ള പരിശീലനമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആയതിനാലാണ് അവർക്ക് പ്രത്യേകം പ്രത്യേകം ട്രെയിനിംഗ് നൽകിവരുന്നത്. ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലെ എസ്.ഐ.-മാർക്ക് 16 മാസത്തെ പരിശീലനമാണ് നൽകുന്നത്. ആംഡ് റിസർച്ച് എസ്.ഐ.-മാർക്ക് 12 മാസത്തെ പരിശീലനവും നൽകുന്നു. രണ്ട് കൂട്ടരുടേയും പരിശീലന പദ്ധതികൾ കാലാനുസൃതമായി പരിഷ്ക്കരിച്ചവയാണ്.

(ഡി) കേരള സിവിൽ പോലീസിന്റെ സ്പെഷ്യൽ റൂൾ നിർമ്മിച്ച് ഇന്റഗ്രേഷൻ പൂർത്തിയാകുമ്പോൾ എസ്.ഐ തസ്തികയിലെ ട്രെയിനിംഗ് ഏകീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

വനിതാ പോലീസ് നിയമനത്തിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ്

173 (7736) ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ വിവിധ തസ്തികകളിലായി ആകെ എത്ര പേരാണ് ജോലി ചെയ്യുന്നത് ;

(ബി) തസ്തിക തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ ;

(സി) ഓരോ തസ്തികയിലും എത്ര വനിതകൾ ജോലിചെയ്യുന്നു എന്ന് വ്യക്തമാക്കാമോ ;

(ഡി) വനിതകളുടെ എണ്ണം വളരെ കുറവാണെന്ന വസ്തുത കണക്കിലെടുത്ത് പോലീസ് സേനയിലെ വിവിധ തസ്തികകളിലേക്ക് വനിതകളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കാൻ തയ്യാറാകുമോ ;

(ഇ) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly